പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3814

12.12.2018 ൽ
മറുപടിക്ക്

## ഭരണപരിഷ്കാര കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ജെ. മാക്സി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ രൂപീകരിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ; | എ) കമ്മീഷന്റെ രൂപീകരണത്തിന് ശേഷം വിജിലൻസ് സംവിധാനം - പരിഷ്കരണം, Capacity Development of Civil Servants – Kerala, എന്നിങ്ങനെ ശുപാർശകൾ അടങ്ങിയ 2 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. പൗരകേന്ദ്രിത സേവനങ്ങൾ, ഉദ്യോഗസ്ഥ പരിഷ്കരണം, സുസ്ഥിര വികസനം,ഭരണപരമായ പ്രശ്നങ്ങൾ, സെക്രട്ടേറിയറ്റ് പരിഷ്കരണം എന്നീ വിഷയങ്ങളിൽ ശുപാർശാ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള പഠനപ്രവർത്തനങ്ങൾ നടന്നുവരുന്നു. വിവിധ മേഖലകളിൽ നടത്തുന്ന പഠനപ്രവർത്തനത്തെ സഹായിക്കുന്നതിന് അതാതു മേഖലകളിൽ അറിവും അനുഭവസമ്പത്തും പ്രാവീണ്യമുള്ളവരെ ഉൾപ്പെടുത്തി ഉപദേശക സമിതികളും, വിദഗ്ധ സമിതികളും ഉപസമിതികളും രൂപീകരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത കമ്മീഷൻ ഇതുവരെ ഏതൊക്കെ ശിപാർശകൾ സർക്കാരിന് സമർപ്പിച്ചു; പ്രസ്തുത ശിപാർശകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ? | ബി) 2 ശിപാർശാ റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത്.<br>1) വിജിലൻസ് സംവിധാനം - പരിഷ്കരണം<br>2) Capacity Development of Civil Servants – Kerala<br><br>മേൽ ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ